Desabhimani
18 July 2018
Kochi; Ranifall ,Crop Damage

മഴ:1.87 കോടിയുടെ കൃഷിനാശം

സ്വന്തം ലേഖിക

കൊച്ചി

മഴക്കെടുതിയെ തുടർന്ന് ജില്ലയിൽ വ്യാപക കൃഷിനാശം. 75.822 ഹെക്ടറിലെ കൃഷി നശിച്ചു: 1.87 കോടിയുടെ നാശം ഉണ്ടായതായി കണക്കാക്കുന്നു. 43 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം ഉണ്ടായി. ജില്ലയിൽ 140.72 മില്ലീ മീറ്റർ മഴ രേഖപ്പെടുത്തി. ജില്ലയുടെ കിഴക്കൻ മേഖലയിൽ മഴയുടെ ദുരിതം തുടരുന്നു. കുന്നത്തുനാട് കിഴക്കമ്പലം പഞ്ചായത്തുകളിൽ വീടുകൾ തകർന്നു. കടലാക്രമണം രൂക്ഷമായതിനെ തുടർന്ന് ചെല്ലാനവും വൈപ്പിനും ഉൾപ്പെടുന്ന കൊച്ചി താലൂക്കിൽ കൂടുതൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. അതേസമയം ദിവസങ്ങളായി പെയ്യുന്ന മഴയ്ക്ക് നഗരത്തിൽ അൽപ്പം ശമനം വന്നതോടെ പലയിടത്തും വെള്ളക്കെട്ട് ഇറങ്ങിത്തുടങ്ങി. ടെയിനുകൾ വൈകിയതിനെത്തുടർന്നു പലരും വൈകിയാണ് രാവിലെ ഓഫീസുകളിൽഎത്തിച്ചേർന്നത്.

മഴയ്ക്ക് അൽപ്പം ശമനം ഉണ്ടായിട്ടുണ്ടെങ്കിലും ജില്ലയുടെ വിവിധ പ്രദേശങ്ങൾ ഇപ്പോഴും വെള്ളത്തിനടിയിൽ തന്നെയാണ്. തീരദേശ മേഖലകളിൽ കടൽക്ഷോഭം രൂക്ഷമായി തുടരുന്നതോടെ ഇവിടെയും ജനജീവിതം ദുരിതപൂർണം. ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നായി ആയിരത്തോളം കുടുംബങ്ങളെ ഇതിനോടകം മാറ്റിപ്പാർപ്പിച്ചു. വിവിധ താലൂക്കുകളിലായി തുറന്ന 35 ഓളം ക്യാമ്പുകളിലേക്കായാണ് ഇത്രയധികം കുടുംബങ്ങളെ മാറ്റിയത്. ഈ ക്യാമ്പുകളിലായി 3300 ഓളം പേരാണ് കഴിയുന്നത്.

മണ്ണിടിച്ചിൽ, വീടുകളിൽ വെള്ളം കയറൽ, കൃഷിനാശം എന്നിവയാണ് ജില്ലയുടെ കിഴക്കൻ മേഖലയെ പ്രതികൂലമായി ബാധിച്ചത്.

കുന്നത്തുനാട് പഞ്ചായത്തിലെ ചിറ്റനാട് വാർഡിൽ ചാക്കോത്തുമല കുമാരി കൃഷ്ണന്റെ വീട് ഇടിഞ്ഞു. പടിഞ്ഞാറെ മോറയ്ക്കാല അമ്മിണി വേലായുധന്റെ വീടിന്റെ മേൽക്കൂര തകർന്നു. എരുമേലിൽ ആൾത്താമസം ഇല്ലാത്ത വീടിന്റെ മേൽക്കൂര ഇടിഞ്ഞുവീണ് അയൽ വാസി റോസി (50)യുടെ കാലൊടിഞ്ഞു. കിഴക്കമ്പലം പഞ്ചായത്തിൽ വ്യാപാരസ്ഥാപനങ്ങളിലും വീടുകളിലും വെള്ളം കയറി. കൃഷിനാശവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോലഞ്ചേരിയിലും വ്യാപക നാശനഷ്ടം ഉണ്ടായി. വിവിധ പ്രദേശങ്ങളിലായി 44 വീടുകളിൽ വെള്ളം കയറി. വലമ്പൂർ, ചീനിക്കുഴി, ഐരാപുരം മേഖലകളിൽ വൈദ്യുത ലൈനിലേക്ക് മരം കടപുഴകി വീണ് വ്യാപകമായി പോസ്റ്റുകൾ തകർന്ന് വൈദ്യുതി മുടങ്ങി. കപ്പ, ഏത്തവാഴ, പച്ചക്കറി കൃഷികളും വെള്ളത്തിനടിയിലായി.

നഗരത്തിൽ മഴയ്ക്ക് അൽപ്പം ശമനം ഉണ്ടായതിനെ തുടർന്ന് വെള്ളക്കെട്ട് ഒഴിവായെങ്കിലും തിങ്കളാഴ്ച രാത്രി നഗരത്തിൽ വീശിയടിച്ച ശക്തമായ കാറ്റിൽ മരം വീണ് നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തു. ഗാന്ധിനഗറിൽ വീടിന്റെ മേൽക്കൂരയ്ക്ക് മുകളിൽ മരം വീണ് ഒരു കുട്ടിക്ക് പരിക്കേറ്റു. നായരമ്പലത്ത് വീടിന് മുകളിലേക്ക് തേക്ക് മറിഞ്ഞുവീണ് ഒരു വീട് തകർന്നു. ഗാന്ധിനഗറിൽ മാത്രം 16ഓളം ഇടങ്ങളിൽ മരം വീണതായാണ് വിവരം. എളംകുളത്തും മരം വീണ് പല വീടുകൾക്കും നാശനഷ്ടം ഉണ്ടായി.

ഇന്നലെ രാത്രിയുണ്ടായ കനത്ത കാറ്റിൽ കലൂരുടെ ക്യാമ്പ് ഹൗസിന് മുൻവശത്തായി റോഡിലേക്ക് വന്മരം കടപുഴകി വീണ് മണിക്കൂറുകളോളം ഗതാഗത തടസ്സമുണ്ടായി. മരം വീണ് വൈദ്യുതി പോസ്റ്റ് ഉൾപ്പെടെ ഒടിഞ്ഞു വീണു. പ്രസ് ക്ലബ് അഗ്നിരക്ഷാ സേന സംഘമെത്തിയാണ് മരം മുറിച്ചുമാറ്റിയത്. വിവേകാനന്ദ റോഡിൽ രാത്രി ബൈക്ക് യാത്രികൻ കാനയിൽ വീണു. ഓടിയെത്തിയ നാട്ടുകാർ യാത്രക്കാരനെ രക്ഷിച്ചു. ഫയർഫോഴ്സ് അംഗങ്ങളെത്തിയാണ് കാനയിൽ മുങ്ങിബൈക്ക് പുറത്തെടുത്തത്. തിങ്കളാഴ്ച രാത്രി ലൂർദ് ആശുപത്രി, തേവര നേവൽ ബേസ്, പനമ്പിള്ളി നഗർ കളവത്ത് റോഡ്, ജഡ്ജസ് അവന്യൂ, ഇടപ്പള്ളി ബക്കർ ലെയ്ൻ, നെട്ടൂർ, ഗാന്ധിനർ എന്നിവിടങ്ങളിലും മരം വീണ് വ്യാപക നാശനഷ്ടങ്ങളുണ്ടായി.

തമ്മനത്ത് ശോഭയുടെ വീട്ടിൽ വെള്ളം കയറിയതിനെ തുടർന്ന് ഫയർ ഫോഴ്സെത്തി വെള്ളം പമ്പ് ചെയ്യുമാറ്റി. ഇതിന് പുറമെ കാക്കനാടും ഇടപ്പള്ളി ജങ്ഷനിലും കുറ്റൻ ഫ്ലക്സ് ബോർഡുകൾ റോഡിലേക്ക് മറിഞ്ഞുവീണ് വാഹനഗതാഗതം ഒരു മണിക്കൂറോളം തടസ്സപ്പെട്ടു. കിഴക്കമ്പലം തുരുത്തേക്കര റോഡ് പൂർണമായും വെള്ളത്തിനടിയിലായി. പള്ളിക്കരയിലും വെള്ളക്കെട്ടിനെ തുടർന്ന് ഗാതഗതം നിർത്തിവച്ചു.

തീരദേശ മേഖലകളായ ചെല്ലാനത്തും പുതുവൈപ്പിലും ഫോർട്ട് കൊച്ചിയിലും ശക്തമായ കടലാക്രമണം തുടരുകയാണ്. പ്രദേശത്തെ 100 ഓളം വീടുകളിൽ വെള്ളം കയറിയതായാണ് റിപ്പോർട്ട്. കുഴുപ്പിള്ളി, എടവനക്കാട്, ചെറായി, മുനമ്പം മേഖലകളിൽ കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ കടൽവെള്ളം തീരദേശ റോഡുകളിലേക്ക് ഒഴുകിയെത്തി. പെരുമ്പടപ്പ്കോണം, ഇടക്കൊച്ചി തുടങ്ങിയ സ്ഥലങ്ങളിലെ വീടുകളിൽ വെള്ളം കയറി. ഇവരെ പള്ളുരുത്തി കോർപറേഷൻ ഓഡിറ്റോറിയത്തിലേക്ക് മാറ്റി പാർപ്പിച്ചു.

പള്ളുരുത്തി

പള്ളുരുത്തിയിൽ മരങ്ങൾ കടപുഴകി വീടുകൾ തകർന്നു. പെരുമ്പടപ്പ് നെടുവേലി റോസി റാഫേലിന്റെ വീടാണ് തകർന്നത്. ചൊവ്വാഴ്ച പുലർച്ചയോടെയാണ് കുറ്റൻ ആഞ്ഞിലിമരം കടപുഴകിയത്. ഗ്രഹോപകരണങ്ങൾ പൂർണമായും തകർന്നു. പെരുമ്പടപ്പ് വിവി എൽപി സ്കൂളിനു സമീപംപനച്ചിപറമ്പിൽ ചെന്താമരാക്ഷന്റെ പറമ്പിലെ പ്ലാവ്, മാവ് എന്നിവ കടപുഴകി. കച്ചേരിപ്പടി പാട്ടത്തിൽ കുട്ടന്റെ പറമ്പിലെ കുറ്റൻ പുളിമരം കടപുഴകിവീണ് ഗതാഗതം മുടങ്ങി. വെദ്യുതിയും നിലച്ചു. മൂന്ന് സ്ഥലങ്ങളിലും മട്ടാഞ്ചേരി ഫയർ ഫോഴ്സ് എത്തിയാണ് രക്ഷാപ്രവർത്തനം നടത്തിയത്.

പള്ളുരുത്തി

കനത്ത കാറ്റിൽ അടക്കാമരം കടപുഴകി വീടിനു മുകളിൽ വീണു. തിങ്കളാഴ്ച അർദ്ധരാത്രിയാണ് സംഭവം. കുമ്പളങ്ങി പഞ്ചായത്തിലെ 17-ാം വാർഡിൽ കരിക്കശേരി പുരുഷന്റെ വീടിന്റെ മേൽക്കൂരയാണ് തകർന്നത്. മേൽക്കൂര തകർന്നതോടെ വീടിനകത്ത് വെള്ളം കയറി. പുരുഷനും ഭാര്യ രേവമ്മയും ഭിന്നശേഷിക്കാരാണ്.

ചെല്ലാനത്തെ ക്യാമ്പ്

പള്ളുരുത്തിയിൽ ബോസി റാഫേലിന്റെ വീട് മരംവീണ് തകർന്നനിലയിൽ